# ഇടുക്കി ജില്ലാ കളക്ടറുടെ നടപടിക്രമം
## (ഹാജർ: ശ്രീ. അസോക് കുമാർ സിംഗ് ഐ.എഎസ്.)

നം. ഇ9-8008/06. തീയതി:22.02.2010.

വിഷയം:- കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ടും ചട്ടങ്ങളും - ഇടുക്കി ജില്ലയിൽ മണൽ വാരി വിതരണം ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം:

*****

2001 -ലെ കേരള നദീ തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ടും ചട്ടങ്ങളും അനുസരിച്ച് ഇടുക്കി ജില്ലയിൽ കടവു കമ്മറ്റികൾ രൂപീകരിച്ചിട്ടുള്ള താഴെ പറയുന്ന പഞ്ചായത്തുകളുടെ നിർദ്ദിഷ്ട കടവുകളിൽ മണൽ ഖനനവും വിതരണവും നടത്തുന്നതിന് തഹസിൽദാരുടെ അനുമതിയോടുകൂടി പൂർണ്ണമായും കടവു കമ്മിറ്റികളുടെ മേൽനോട്ടത്തിൽ അംഗീകൃത തൊഴിലാളികളെകൊണ്ട് മണൽ വാരി വ്യക്തികൾക്ക് വിതരണം ചെയ്യുന്നതിന് ഇതൊടൊപ്പമുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയോടെ ഇതിനാൽ ഉത്തരവാകുന്നു.

| | പഞ്ചായത്തിന്റെ പേര് | താലൂക്ക് | കടവിന്റെ പേര് | പ്രതിദിന ലോഡുകളുടെ അളവ് |
|---|---|---|---|---|
| 1 | വെള്ളത്തൂവൽ | ദേവികുളം | പഴമ്പിള്ളിക്കടവ് | 48 ടൺ |
| 2 | കോടിക്കുളം | തൊടുപുഴ | മാത്തുപിള്ള കടവ്<br>മൂഴിക്കൽ കടവ് | 24 ടൺ<br>32 ടൺ |
| 3 | മറയൂർ | ദേവികുളം | നാച്ചിവയൽ കടവ്<br>ഇല്ലിക്കടവ് | 8 ടൺ<br>24 ടൺ |
| 4 | കൊന്നത്തടി | ഉടുമ്പൻചോല | മുക്കൽ കടവ്<br>മണലേൽ കടവ് | 48 ടൺ<br>16 ടൺ |
| 5 | ഉപ്പുതറ | പീരുമേട് | കരുന്തരുവി ഫാക്ടറി കടവ്<br>ന്യൂ കടവ് | 40 ടൺ<br>32 ടൺ |
| 6 | അടിമാലി | ദേവികുളം | തേക്കിലക്കാട് കടവ്<br>വാണിയപ്പിള്ളി കടവ്<br>കുന്നത്ത് കടവ് | 32 ടൺ<br>32 ടൺ<br>128 ടൺ |

| | | | | |
|---|---|---|---|---|
| | | | കരിമ്പനയ്ക്കൽ കടവ്<br>ഞാളൂർ കടവ്<br>മല്ലപ്പിള്ളി കടവ് | 128 ടൺ<br>128 ടൺ<br>128 ടൺ |

**നിർദ്ദേശങ്ങൾ.**

1. മണൽവില 1 ലോഡിന് ( 5 m3) 1000/- രൂപയും സെയിൽ ടാക്സ് നിശ്ചയിക്കുന്ന നികുതിയും, തൊഴിലാളികൾക്കുള്ള കൂലിയും ഉൾപ്പെടുന്നതായിരിക്കും.
2. കടവു കമ്മിറ്റികൾ , പൊതുജനങ്ങളുടെ അഭിപ്രായം മിനിറ്റ്സിൽ രേഖപ്പെടുത്തുകയും ആയത് പരിശോധിച്ച് ഗുണപരമായ തീരുമാനങ്ങൾ തഹസിൽദാർമാർ എറുക്കേണ്ടതും ഓരോ മാസവും കടവു കമ്മിറ്റികൾ ചേരേണ്ടതുമാണ്.
3. രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് ഐഡന്റിറ്റി കാർഡ് അനുവദിക്കേണ്ടതും ഐഡന്റിറ്റി കാർഡ് ഇല്ലാത്ത തൊഴിലാളികളെ മണൽവാരാൻ അനുവദിക്കുന്നതുമല്ല.
4. അനുവദിക്കപ്പെട്ട അളവിൽ കൂടുതൽ മണൽ ലോറിയിൽ കയറ്റാൻ പാടുള്ളതല്ല. രാവിലെ 6 മണി മുതൽ വൈകുന്നേം 3 മണിവരെ മാത്രമേ മണൽ വാരാൻ അനുവദിക്കുകയുള്ളു.
5. മണൽ വിതരണം ചെയ്യുന്നതിനുള്ള അപേക്ഷകൾ നിശ്ചിത മാതൃകയിൽ തയ്യാറാക്കി അക്ഷയകേന്ദ്രങ്ങൾ/താലൂക്കാഫീസ്/വില്ലേജാഫീസ് നല്കുകയും, നിശ്ചിത അപേക്ഷാ ഫീസ് ഈടാക്കി സ്വീകരിക്കുന്നതുമാണ്. കെട്ടിടം പണിയുന്നതിന് പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ്, സർവ്വെ നം. എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.
6. നിശ്ചിത തീയതിയ്ക്കുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ എൻ.ഐ.സി. സോഫ്റ്റ് വെയറിൽ സീനിയോരിറ്റി ലിസ്റ്റാക്കി വില്ലേജ്, താലൂക്ക്, പഞ്ചായത്ത്, അക്ഷയകേന്ദ്രം എന്നിവിടങ്ങളിൽ പ്രസിദ്ധീകരിക്കുന്നു. സീനിയോരിറ്റി അനുസരിച്ച് അപേക്ഷകൾക്ക് അറിയിപ്പ് നല്കുകയും അറിയിപ്പ് ലഭിച്ച അപേക്ഷകർ മണലിന്റെ വിലയിൽ 1000 രൂപയും നികുതിയും തഹസിൽദാർക്ക് ഡിമാന്റ് ഡ്രാഫ്റ്റ് ആയി നല്കേണ്ടതും തഹസിൽദാർ പാസ് വിതരണം ചെയ്യെണ്ടതുമാണ്. ബാക്കി ചെലവുകൾക്കുള്ള തുക പഞ്ചായത്തിൽ അടയ്ക്കെണ്ടതുമാണ്.

7. മണൽ കൊണ്ടുപോകുന്ന ലോറിയുടെ രജിസ്റ്റർ നമ്പർ പാസിൽ രേഖപ്പെടുത്തേണ്ടതിനാൽ പാസ് വാങ്ങുന്ന സമയത്ത് വാഹനത്തിന്റെ രജി. നമ്പർ നല്കേണ്ടതാണ്.

8. ഒരാൾക്ക് 3 ലോഡ് മണലിൽ കൂടുതൽ അനുവദിക്കുന്നതല്ല. ഒരാൾ ഒരിക്കലപേക്ഷിച്ച ശേഷം 3 മാസത്തിനുശേഷം മാത്രമേ അടുത്ത അപേക്ഷ നല്കാവു.

9. തഹസിൽദാർ അനുവദിക്കുന്ന പാസ് കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. വൈകിട്ട് 3 മണിക്ക് മുമ്പായി മണൽ കടവിൽ നിന്നും കൊണ്ടുപോകേതാണ്.

നിശ്ചിത നടപടിക്രമങ്ങൾക്കുശേഷം മണൽവാരൽ തുടങ്ങുന്നതിനുള്ള തീയതി തഹസിൽദാർ പ്രഖ്യാപിക്കുന്നതാണ്.

(ഒപ്പ്)

ജില്ലാ കളക്ടർ

പകർപ്പ്:

1) ജില്ലാ പോലീസ് സൂപ്ര്.
2) സബ് കളക്ടർ, ദേവികുളം/ഇടുക്കി.
3) എല്ലാ തഹസിൽദാർമാർക്കും.
4) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
5) ജിയോളജിസ്റ്റ്, ഇടുക്കി, തൊടുപുഴ.
6) കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടി കളക്ടർ (ജനറൽ)

ആർ/